7. കിളിമാനൂർ സബ് ട്രഷറി, തിരുവനന്തപുരം.
8. വർക്കല സബ് ട്രഷറി, തിരുവനന്തപുരം.
9. സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
10. വികാസ് ഭവൻ സബ് ട്രഷറി, തിരുവനന്തപുരം.
11. മെഡിക്കൽ കോളേജ് സബ് ട്രഷറി, തിരുവനന്തപുരം.
12. എഞ്ചിനീയറിംഗ് കോളേജ് സബ് ട്രഷറി, തിരുവനന്തപുരം.
13. ലെജിസ്ലേച്ചർ കോംപ്ലക്സ് സബ് ട്രഷറി, തിരുവനന്തപുരം.
14. മലയിൻകീഴ് സബ് ട്രഷറി, തിരുവനന്തപുരം.
15. നെടുമങ്ങാട് സബ് ട്രഷറി, തിരുവനന്തപുരം.
16. നെയ്യാറ്റിൻകര സബ് ട്രഷറി, തിരുവനന്തപുരം.
17. നെയ്യാറ്റിൻകര പെൻഷൻ പെയ്മെന്റ് സബ് ട്രഷറി, തിരുവനന്തപുരം.
18. പാറശ്ശാല സബ് ട്രഷറി, തിരുവനന്തപുരം.
19. വിതുര സബ് ട്രഷറി, തിരുവനന്തപുരം.
20. വിഴിഞ്ഞം സബ് ട്രഷറി, തിരുവനന്തപുരം.

(ബി) ഉണ്ട്.

(സി) പുതിയ സബ് ട്രഷറികൾ സ്ഥാപിക്കുക എന്നത് നയപരമായ ഒരു തീരുമാനമാണ്. ഇതിൽ ഗവൺമെന്റ് അന്തിമ തീരുമാനം ഒന്നും എടുത്തിട്ടില്ല.

കുന്ദമംഗലം വൺമാൻ ട്രഷറിയുടെ പ്രവർത്തനം

40 [353] ശ്രീ. യു. സി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്ത് പ്രവർത്തിക്കുന്ന വൺമാൻ ട്രഷറി ആഴ്ചയിൽ എത്ര തവണ പ്രവർത്തിക്കുന്നുണ്ട്; ഏതൊക്കെ ദിവസങ്ങളിൽ ഏതേതു സമയങ്ങളിൽ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ സേവനങ്ങളാണ് ഈ ട്രഷറിയിൽനിന്നും പൊതുജനത്തിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാതെ ഇത് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കുന്ദമംഗലം വൺമാൻ ട്രഷറി എന്നത്തേയ്ക്ക് പൂർണ്ണതോതിലുള്ള ട്രഷറിയായി ഉയർത്തും എന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്ത് പ്രവർത്തിക്കുന്ന വൺമാൻ ട്രഷറി ഓരോ മാസത്തിന്റെ ആദ്യത്തെ അഞ്ചു പ്രവർത്തി ദിവസങ്ങളിലും തുടർന്നുള്ള ആഴ്ചകളിൽ ബുധനാഴ്ചകളിലും, ബുധനാഴ്ച അവധിയാണെങ്കിൽ വെള്ളിയാഴ്ചയും പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തന സമയം മറ്റു ട്രഷറികൾക്ക് നിശ്ചയിച്ചിട്ടുള്ള പ്രകാരമാണ്.

(ബി) പെൻഷൻ വിതരണവും ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകളും നടത്തുന്നു.

(സി) സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയില്ലാതെ ഇത് വിപുലപ്പെടുത്താൻ സാധിക്കുകയില്ല.

(ഡി ആന്റ് ഇ) ഇത് സംബന്ധിച്ച് നടപടികൾ തൽക്കാലം പരിഗണനയിലില്ല.

നൂറനാട് വൺമാൻ ട്രഷറി സബ് ട്രഷറിയായി ഉയർത്താൻ നടപടി

41 [354] ശ്രീ. കെ. കെ. ഷാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നൂറനാട് പ്രവർത്തിക്കുന്ന വൺമാൻ ട്രഷറി സബ് ട്രഷറിയായി ഉയർത്തുന്നതു സംബന്ധിച്ച് നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായി എന്നു വിശദമാക്കാമോ;

(ബി) നൂറനാട് സബ് ട്രഷറി അനുവദിക്കുന്നതിന് എന്തു തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) സമയബന്ധിതമായി സബ് ട്രഷറി നൂറനാട് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) വൺമാൻ ട്രഷറികൾ നിർത്തലാക്കണമോ അതോ അവയെ സബ് ട്രഷറിയായി ഉയർത്തണമോ എന്നത് നയപരമായ ഒരു തീരുമാനമാണ്. ഇതിൽ അന്തിമ തീരുമാനം ഗവൺമെന്റ് എടുത്തിട്ടില്ല.

(ബി) രണ്ടു ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിന് ബഡ്ജറ്റ് വക കൊള്ളിച്ചിട്ടുണ്ട്.

(സി) (എ)-യുടെ മറുപടി കാണുക.

LIBRARY ARCHIVES Kerala Legislative Assembly